പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :619

04.02. 2020 ൽ മറുപടിക്ക്

## ഇ-സേഫ് കേരള പദ്ധതി

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)ഇ-സേഫ് കേരള പദ്ധതി വഴി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; | (എ)2021-ഓട് കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായയും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക ലഭ്യമാക്കുന്നതിനായി, കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷന്റെ' ഭാഗമായി വൈദ്യുത അപകടങ്ങൾ കുറച്ചു കൊണ്ടു വരുന്നതിലേക്കായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് ഇ-സേഫ്. വൈദ്യുതി സുരക്ഷാ ബോധവത്കരണവും ഉല്പാദന പ്രസരണ വിതരണ ലൈനുകളിലും ഗാർഹിക മേഖലയിലും ഉണ്ടാകുന്ന അപകടം കുറയ്ക്കാനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ലൈൻ നവീകരണം , ഉപകരണങ്ങളുടെ ക്വാളിറ്റി ചെക്ക്, സേഫ്റ്റി ഓഡിറ്റ് , ഡിജിറ്റൽ സുരക്ഷ, സേഫ് കരിയർ, സേഫ്റ്റി ട്രെയിനിംഗ്, സേഫ്റ്റി മോണിറ്ററിംഗ്, തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതിലൂടെ യൂട്ടിലിറ്റികളുടെയും ഉപഭോക്താക്കളുടെയും പ്രതിഷ്ഠാപനങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനുള്ള പ്രവർത്തികളാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ പടിയായി ഗാർഹിക മേഖലയിലെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കുവാൻ വേണ്ടി സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിൽ ഇ.എൽ.സി.ബി (എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ)സ്ഥാപിക്കുന്നതും വിഭാവനം ചെയ്തിട്ടുണ്ട്. അപ്രകാരം പാലക്കാട്, അഗളി, പുതൂര്, ഷോളയൂർ എന്നീ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടുകളിൽ കാലപ്പഴക്കം ചെന്ന വയറിംഗുകൾ മാറ്റി ഇ.എൽ.സി.ബി. സ്ഥാപിച്ച് സ്റ്റാൻഡേർഡൈസ് ചെയ്യുന്ന പദ്ധതി വകുപ്പ് പൂർത്തിയാക്കി വരുന്നു. കൂടാതെ ആശാ വർക്കർ, കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്തി വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (ബി)പ്രസ്തുത പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; | (ബി)ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി)പ്രസ്തുത പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) പൊതുജനങ്ങളും വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. |

സെക്ഷൻ ഓഫീസർ